**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3111 20/06/2014-ൽ മറുപടിയ്ക്ക്

**"നിറവ് പദ്ധതി"- കൊല്ലം ജില്ല**

ചോദ്യം
**ശ്രീ. ജി.എസ്. ജയലാൽ**

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) "നിറവ് പദ്ധതി" ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ഗവൺമെന്റിന് ലഭിച്ചിരുന്നുവോ;<br><br>ബി) പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ; | എ) & ബി) ലഭിച്ചിട്ടില്ല. |
| സി) "നിറവ് പദ്ധതി" കൊല്ലം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്നും പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയതെന്നും വ്യക്തമാക്കാമോ? | സി) നിറവ് പദ്ധതി കൊല്ലം ജില്ലയിൽ നടപ്പിലാക്കുന്നതിനായി 2012-13 വർഷത്തിൽ "പത്തനാപുരം" നിയോജക മണ്ഡലം തെരഞ്ഞെടുക്കുകയുണ്ടായി.<br>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• നിയോജകമണ്ഡലങ്ങളിലെ വീടുകളിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 10,000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം നടത്തി.<br>• 50,000 പച്ചക്കറി തൈകളുടെ വിതരണം നടത്തി.<br>• കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 50 ഹെക്ടർ തരിശുഭൂമിയിലേയ്ക്ക് പച്ചക്കറികൃഷി വ്യാപിപ്പിച്ചു.<br>• കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 3000 കിഴങ്ങുവർഗ്ഗവിള കിറ്റു കളുടെ വിതരണം നടത്തി. |

- ഫലവർഗ്ഗവിളകളുടെ പ്രോത്സാഹനത്തിനായി 5000 ഫലവൃക്ഷത്തൈകളുടെ വിതരണം നടത്തി.
- 5000 ടിഷ്യൂക്കൾച്ചർ വാഴകളുടെ വിതരണം നടത്തി.
- ഉപഭോക്താക്കൾക്ക് ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി പത്തനാപുരത്ത് ഒരു ചില്ലറ വില്പനശാല ജൂലൈ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൃഗസംരക്ഷണ വകുപ്പ് ആർ.കെ.വി.വൈ പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി നിറവ് പദ്ധതി നടപ്പിലാക്കിയിരുന്നു. നിറവ് പദ്ധതിയിൽ ഉൾപ്പെട്ട കിടാരി വളർത്തിൽ യൂണിറ്റ് എന്ന പദ്ധതി കൊല്ലം ജില്ലയിലെ പത്തനാപുരത്ത് 15.30 ലക്ഷം രൂപ ചെലവിൽ അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച യൂണിറ്റുകളുടെ എണ്ണം - 45.

സെക്ഷൻ ഓഫീസർ